4676
24/7/13

കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ് - "ഭൂരഹിതരില്ലാത്ത കേരളം പദ്ധതി –2015" പ്രയോക്താക്കളുടെ തെരഞ്ഞെടുപ്പ്- --സോഫ്റ്റ് വെയർ തയ്യാറാക്കുന്നതിനുള്ള അനുമതി നൽകി – ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

റവന്യൂ(എ) വകുപ്പ്

സ.ഉ. (സാധാ.) നം. 4053 / 2013 / റവന്യൂ തീയതി, തിരുവനന്തപുരം, 20/07/2013

----------------------------------------------------------------------------------------------------

പരാമർശം : 10.06.2013-ലെ അവലോകനയോഗത്തിന്റെ നടപടി കുറിപ്പ്.

<u>ഉത്തരവ്</u>

2015--ാം ആണ്ടോടുകൂടി കേരളത്തെ ഭൂരഹിതരായ കുടുംബങ്ങൾ ഇല്ലാത്ത സംസ്ഥാനമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് **"ഭൂരഹിതരില്ലാത്ത കേരളം പദ്ധതി - 2015"** ആദ്യഘട്ടമെന്ന നിലയിൽ 2013 ആഗസ്റ്റ് മാസത്തോടുകൂടി ഒരുലക്ഷം ഭൂരഹിതരായ കുടുംബങ്ങൾക്ക് 3 സെന്റ് ഭൂമി വീതം നൽകാനുള്ള നടപടികൾ ഇപ്പോൾ സ്വീകരിച്ചുവരികയാണ്. ലഭ്യമായ അപേക്ഷകരിൽ നിന്നും അർഹരായ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനായി ഒരു സോഫ്റ്റ് വെയർ തയ്യാറാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(2) മേൽ സാഹചര്യത്തിൽ, "ഭൂരഹിതരില്ലാത്ത കേരളം പദ്ധതി- 2015"-ലെ പ്രയോക്താക്കളെ തെരഞ്ഞെടുക്കുന്ന തിനായി സംസ്ഥാന ഐ.റ്റി മിഷനുമായി ചേർന്ന് ഒരു സോഫ്റ്റ് വെയർ തയ്യാറാക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

(3) ജോയിന്റ് കമ്മീഷണർ & സ്പെഷ്യൽ ഓഫീസർ, "ഭൂരഹിതരില്ലാത്ത കേരളം പദ്ധതി-2015", ഡയറക്ടർ സർവ്വെ ആന്റ് ലാന്റ് റെക്കോർഡ്സ് എന്നിവർ ഇക്കാര്യത്തിൽ സത്വരമായ അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ടി.വി.വിജയകുമാർ

അഡീഷണൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

1. ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
2. ജോയിന്റ്കമ്മീഷണർ (ലാന്റ് റവന്യൂ) & സ്പെഷ്യൽ ഓഫീസർ (സീറോ ലാന്റ് ലെസ് പ്രോജക്ട്), തിരുവനന്തപുരം.
3. ഡയറക്ടർ, സർവ്വേ & ലാന്റ് റിക്കോർഡ്സ്, തിരുവനന്തപുരം.
4. അസിസ്റ്റന്റ് കമ്മീഷ്ണർ (ലാന്റ് അസൈസെന്റ്മെന്റ്) & സ്പെഷ്യൽ ഓഫീസർ, കേരള സ്റ്റേറ്റ് ലാന്റ് ബാങ്ക്, തിരുവനന്തപുരം.
5. വിവരസാങ്കേതിക വകുപ്പ്.
6. ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി